# കേശുവിന്റെ ഭാഗ്യം

ഒരു വയസ്സൻ കാളയാണ് കേശു. കാടിനടുത്തുള്ള ഗ്രാമത്തിലെ പുൽമേടിനടുത്താണ് അവൻ താമസിക്കുന്നത്. വയസ്സായതുകൊണ്ട് അവനെ ആർക്കും വേണ്ട. പുൽമേട്ടിൽ നിന്ന് പുല്ല് തിന്നും കുറച്ച് അകലെയുള്ള പുഴയിൽ നിന്ന് വെള്ളം കുടിച്ചും ആണ് അവൻ വിശപ്പടക്കിയിരുന്നത്.

ഒരു ദിവസം അവൻ തീരെ വയ്യാതെ കിടക്കുകയായിരുന്നു. അപ്പോൾ പച്ചക്കറി വിൽപ്പനക്കാരി കുഞ്ചിയമ്മ അതുവഴി വന്നു.അവർ കേശുവിനോട് ചോദിച്ചു:

'കേശുക്കാളേ മിടുക്കൻകാളേ
പച്ചക്കറിക്ക് വളമായി
നല്ല വിളവ് ലഭിക്കാനായി
ചാണകമിട്ട് തരുമോ നീ..'

കേശു അമ്പരന്ന് തല ഉയർത്തി നോക്കി. കുറച്ച് നാളായി ആരും അവന്റടുത്ത് വരാറില്ല. അവന് സന്തോഷമായി. അവൻ വേഗം കുറച്ച് ചാണകം ഇട്ട് കുഞ്ചിയമ്മക്ക് കൊടുത്തു. എന്നിട്ട് കുറച്ച് വെള്ളം കുടിക്കാൻ ചോദിച്ചു.

കുഞ്ചിയമ്മ പറഞ്ഞു:.

"അതിനെന്താ, കുറച്ച് നടന്നാൽ എന്റെ വീടെത്തും. അവിടെ വന്നാൽ ഇഷ്ടം പോലെ വെള്ളം തരാം."

കേശു കുഞ്ചിയമ്മയുടെ പിറകെ പോയി. കുഞ്ചിയമ്മ അവന് വെള്ളം കൊടുത്തു. വയ്യായ്ക കാരണം അവൻ അവിടെ ത്തന്നെ കിടന്നു.

രാത്രിയായപ്പോൾ പച്ചക്കറി തിന്നാൻ രണ്ട് ആനക്കുട്ടൻമാർ പമ്മിപമ്മി വന്നു. പക്ഷേ വീട്ടുമുറ്റത്ത് കിടക്കുന്ന കൂറ്റൻ കാളയെ കണ്ട് അവർ പേടിച്ചോടി. കുഞ്ചിയമ്മക്ക് സന്തോഷമായി. അവർ ചോദിച്ചു:.

'കേശുക്കാളേ മിടുക്കൻകാളേ
പച്ചക്കറിക്കു കാവലിനായ്
ചാണകവളം തരുന്നതിനായ്
എന്നും ഇവിടെ കഴിയാമോ?'

കേശു സന്തോഷത്തോടെ തലയാട്ടി. അന്നുമുതൽ അവൻ കുഞ്ചിയമ്മയുടെ വീട്ടിൽ താമസിച്ചു.




മഹോദയപുരം ഇപ്പോൾ അറിയപ്പെടുന്നത് – കൊടുങ്ങല്ലൂർ